# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 492 01.07.2014- ൽ മറുപടിക്ക്

### "ചെറുകിട വ്യവസായ മേഖലയിൽ സർക്കാർ മൂലധന നിക്ഷേപം"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. നാണു<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു. റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചെറുകിട വ്യവസായ മേഖലയിൽ സർക്കാർ മൂലധന നിക്ഷേപം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. |
| ബി) | ഇപ്രകാരം നിക്ഷേപം നടത്തിയതുവഴി എത്ര പേർക്ക് നേരിട്ടും അല്ലാതെയും ജോലി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) | ചെറുകിട വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾ വഴി മൂലധന നിക്ഷേപം നടത്തിയിട്ടുണ്ട്.<br>ഇതിന്റെ ഫലമായി കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 38,437 പുതിയ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുകയും 2,41,580 പേർക്ക് തൊഴിൽ ലഭിക്കുകയും 6312.40 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ |

ധനസഹായത്തോടെ ആരംഭിച്ചിട്ടുള്ള യൂണിറ്റുകളിൽ 924 പേർക്ക് നേരിട്ട് തൊഴിൽ നൽകിയിട്ടുണ്ട്. കേരള ചെറുകിട വ്യവസായ കോർപ്പറേഷന്റെ കീഴിൽ 355 പേർക്കും കിൻഫ്രയുടെ പാർക്കുകളിലെ വ്യവസായ യൂണിറ്റുകൾ മുഖാന്തിരം 12,833 പേർക്കും തൊഴിൽ ലഭ്യമായിട്ടുണ്ട്.

സി) ഈ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സി) ചെറുകിട ഉൽപാദകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് വിപണന മേളകൾ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ നടത്തി സംരംഭകർക്ക് പ്രോത്സാഹനം നൽകിവരുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് അവരുടെ ഉൽപ്പന്നത്തിന്റെ വിപണന ശൃംഖല മെച്ചപ്പെടുത്തുവാനും വിപണനം വർദ്ധിപ്പിക്കുവാനുമായി കേരള ബ്യൂറോ ഫോർ ഇൻഡസ്ട്രിയൽ പ്രൊമോഷൻ സംസ്ഥാനത്തിന് അകത്തും പുറത്തും വച്ച് നടക്കുന്ന പ്രമുഖ വ്യവസായ വിപണന മേളകളിൽ അവരെ പങ്കെടുപ്പിക്കുകയും സംസ്ഥാനത്തിനകത്ത് ഇത്തരം മേളകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**